"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ്- ഡിജിറ്റൽ വിദ്യാഭ്യാസത്തിനുള്ള പ്രവർത്തന രൂപ രേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതു വിദ്യാഭ്യാസ (ഡി )വകുപ്പ്**

സ.ഉ.(സാധാ) നം.3302/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 08/07/2021

---

**<u>ഉത്തരവ്</u>**

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഡിജിറ്റൽ വിദ്യാഭ്യാസം മികവുറ്റതാക്കുന്നതിനു അനുബന്ധമായി ചേർത്തിരിക്കുന്ന പ്രവർത്തന രൂപരേഖ അംഗീകരിച്ച് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സി. ഇ .ഒ, കൈറ്റ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ /ഓഡിറ്റ് ) തിരുവനന്തപുരം
ഡയറക്ടർ, ഐ & പിആർഡി, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ ഓഫീസിൽ കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sindhu S
Date: 09.07.2021 12:14:19
സെക്ഷൻ ഓഫീസർ
Reason: Approved

പകർപ്പ്
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്,
ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്,
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക് ,
ബഹു.മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എ യ്ക്ക്,
ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി .എ യ്ക്ക്,
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി .എ യ്ക്ക്,
ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി .എ യ്ക്ക്,
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എ യ്ക്ക്,
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എ യ്ക്ക്,
വിവരസാങ്കേതിക വകുപ്പ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എ യ്ക്ക്,
വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എ യ്ക്ക്,
പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പ് സെക്രട്ടറിയുടെ പി .എ യ്ക്ക്,
സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ യ്ക്ക്,
സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ സി.എ യ്ക്ക്,
ഫിഷറീസ് വകുപ്പ് സെക്രട്ടറിയുടെ സി.എ യ്ക്ക്,
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറിയുടെ സി.എ യ്ക്ക്,
ഊർജ്ജ വകുപ്പ്, സെക്രട്ടറിയുടെ സി.എ യ്ക്ക്,

# ഡിജിറ്റൽ വിദ്യാഭ്യാസം - പ്രവർത്തന രൂപരേഖ

ഗുണമേന്മാ വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന ലക്ഷ്യം മുൻനിർത്തിയാണ് സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ രംഗത്ത് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്ക് വലിയ അംഗീകാരമാണ് ലഭിച്ചത്. അക്കാദമികവും ഭൗതികവുമായ മെച്ചപ്പെടുത്തലിന്റെ കാലമായിരുന്നു കഴിഞ്ഞ അഞ്ചു വർഷം. ദേശീയതലത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട റിപ്പോർട്ടുകളിലെല്ലാം നമ്മുടെ മികവ് പ്രതിഫലിച്ചു. കുട്ടികളിലുണ്ടായ ഗുണകരമായ മാറ്റങ്ങൾ നാടിന്റെ അനുഭവം കൂടിയാണ്.

ഡിജിറ്റൽ വിടവ് പരിഹരിച്ച് ഹൈബ്രിഡ് എജ്യൂക്കേഷൻ ആദ്യ ഘട്ടം പിന്നിടുന്നതിനിടയിലാണ് കോവിഡ് മഹാമാരി വ്യാപിച്ചത്. ഇത് പുതിയ വെല്ലുവിളി ഉയർത്തി. യുണൈറ്റഡ് നാഷൺസിന്റെ കണക്കു പ്രകാരം കോവിഡ് കാലത്ത് വിദ്യാലയങ്ങളിൽ നിന്നും വിട്ടുനിൽക്കേണ്ട വന്ന വിദ്യാർത്ഥികളിൽ 70 ശതമാനത്തോളം ഇടങ്ങളിലെ കുട്ടികളെ വിവിധങ്ങളായ സങ്കേതങ്ങൾ ഉപയോഗിച്ച് ബന്ധപ്പെടാനായി. ഇവരിൽ 65 ശതമാനം ഇടങ്ങളിലുള്ളവരെ ടെലിവിഷൻ വഴിയും 15 ശതമാനത്തിലധികം ഇടങ്ങളിൽ റേഡിയോ വഴിയുമാണ് ബന്ധപ്പെട്ടത്. ഓൺലൈൻ വഴി ബന്ധപ്പെടാൻ കഴിഞ്ഞത് 20 മുതൽ 24 ശതമാനം വരെ ഇടങ്ങളിലാണ്. കേരളത്തിന്റെ അനുഭവവും വ്യത്യസ്തമല്ല.

കോവിഡ് വ്യാപന കാലത്ത് വിദ്യാലയങ്ങളിൽ ഒരുക്കിയ സാങ്കേതികവിദ്യാധിഷ്ഠിത പഠന സൗകര്യത്തിനൊപ്പം പുതിയ സംവിധാനങ്ങളെക്കുറിച്ചും രീതികളെക്കുറിച്ചും ചിന്തിക്കേണ്ടി വന്നു. ക്ലാസ്സ്മുറികളുടെ ഹൈടെക് വത്ക്കരണത്തിലൂടെ ആർജ്ജിച്ച അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ രാജ്യത്ത് ആദ്യമായി സമ്പൂർണ്ണ ഡിജിറ്റലൈസ്ഡ് വിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് നാം പെട്ടെന്നുതന്നെ ചുവട് മാറ്റി. ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചു. വിക്ടേഴ്സ് ചാനൽ ഉപയോഗിച്ച ആരംഭിച്ച ക്ലാസ്സുകൾ എല്ലാ കുട്ടികൾക്കുമെത്തിക്കൽ മറ്റൊരു വെല്ലുവിളിയായി. സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ടു. നാടുകൂടി സംഭാവന ചെയ്യണമെന്ന് അഭ്യർത്ഥിച്ചപ്പോൾ നല്ല പ്രതികരണമുണ്ടായി. ഏതാണ്ട് ഒന്നര ലക്ഷത്തോളം ടിവി ഇല്ലാത്ത വീടുകളിൽ ടിവി എത്തിക്കാൻ അന്ന് നമുക്കു കഴിഞ്ഞു. കഴിഞ്ഞ ഒരു വർഷക്കാലത്തെ അക്കാദമിക ഇടപെടിലൽ നിന്നു ആർജ്ജിച്ച

അറിവുകളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ ഈ വർഷം ഡിജിറ്റൽ വിദ്യാഭ്യാസം വിപുലീകരിക്കുകയാണ്.

വീട് തന്നെ വിദ്യാലയമായി മാറിയ സാഹചര്യത്തിൽ ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും അവരവരുടെ പാഠഭാഗങ്ങൾ ആസ്പദമാക്കി സംവാദാത്മക (interactive) ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാക്കലാണ് നമ്മുടെ ലക്ഷ്യം. സ്കൂളുകളിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ തന്നെ ഈ ക്ലാസ്സുകളും കൈകാര്യം ചെയ്യും. അതുവഴി ഓരോ കുട്ടിയുടെയും സവിശേഷതകൾ തിരിച്ചറിഞ്ഞ് അദ്ധ്യാപകർക്ക് പഠനകാര്യങ്ങളിൽ ഇടപെടാൻ കഴിയും. തുടർപ്രവർത്തനങ്ങൾ നൽകാനും അവ വിലയിരുത്താനും ഈ സംവിധാനം സഹായിക്കും. ആദ്യ പടിയായി ഗൂഗിൾ പ്ലാറ്റ്ഫോം ഇതിനായി പ്രയോജനപ്പെടുത്താം. അടുത്ത ഘട്ടത്തിൽ വിമർശനാത്മക ബോധനശാസ്ത്രത്തിൽ ഊന്നി നിന്നുകൊണ്ടുള്ള സ്വന്തമായ ഡിജിറ്റൽ പഠന പ്ലാറ്റ്ഫോം കേരളം വികസിപ്പിക്കും. കേരളത്തിലെ ഡിജിറ്റൽ വിദ്യാഭ്യാസം വിപ്ലവകരമായ ഒരു ദശയിലേക്ക് പ്രവേശിക്കും എന്നർത്ഥം.

എല്ലാ കുട്ടികൾക്കും ക്ലാസ്സ് അനുഭവവേദ്യമാകാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് നമ്മുടെ മുന്നിലുള്ള പ്രധാന വെല്ലുവിളി. പാഠപുസ്തകം ലഭ്യമാകുന്നതുപോലെ ഓരോ കുട്ടിക്കും ഡിജിറ്റൽ ഉപകരണം ലഭ്യമാക്കുക എന്നതാണ് ഇപ്പോൾ സർക്കാർ ലക്ഷ്യമിടുന്നത്. ടാബ്/ലാപ്ടോപ്പ്/ മറ്റ് അനുയോജ്യ ഉപകരണങ്ങൾ ഇന്റർനെറ്റ് കണക്ടിവിറ്റി, വൈദ്യുതി ലഭ്യത/ തടസ്സം, സാങ്കേതികസഹായ സംവിധാനം, ഉപകരണങ്ങളുടെ അറ്റകുറ്റ പണി/കേടുപാടുകൾ തീർക്കൽ എന്നിവ ഈ പ്രവർത്തനത്തിന്റെ ഭാഗമാകണം. ഡാറ്റയുടെ ആവർത്തന ചിലവ് കണ്ടെത്താൻ സാധിക്കാത്ത കുട്ടികളുടെ കാര്യത്തിൽ അതിനുള്ള മാർഗ്ഗങ്ങൾ ആരായണം. ഒപ്പം കണ്ണിന്റെ ആരോഗ്യവും സ്ക്രീൻ അഡിക്ഷൻ, സൈബർ കുറ്റകൃത്യങ്ങളിൽ അകപ്പെടൽ എന്നിവയുടെ സാധ്യതകൾ തിരിച്ചറിഞ്ഞ് മുൻകരുതലുകൾ കൈക്കൊള്ളേണ്ടതുണ്ട്. സാമൂഹ്യനീതിയും അവസര തുല്യതയും ഉറപ്പുവരുത്തി വിദ്യാഭ്യാസത്തെ കൂടുതൽ കരുതലുള്ള ജനാധിപത്യയിടമാക്കി മാറ്റേണ്ടതുണ്ട്.

**ലക്ഷ്യം**

- ഗുണമേന്മ വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന കാഴ്ചപ്പാടിൽ ഊന്നിനിന്നുകൊണ്ട് എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് അവസരം ഒരുക്കാൻ ഡിജിറ്റൽ ഉപകരണങ്ങൾ ഉറപ്പാക്കൽ.
- ഒരു കുട്ടിയും പരിധിക്ക് പുറത്താകാത്ത വിധം ഓൺലൈൻ ക്ലാസ്സിൽ തടസ്സങ്ങളില്ലാതെ പങ്കെടുക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കണം.
- ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ സംബന്ധിച്ച് രക്ഷാകർത്താക്കളെയും സമൂഹത്തെയും ബോധവത്ക്കരണം നടത്താനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.
- ജനകീയ ജനാധിപത്യ മതനിരപേക്ഷ വിദ്യാഭ്യാസം ഓൺലൈൻ സംവിധാനത്തിലൂടെ ശക്തിപ്പെടുത്തുന്നതിന് ജനകീയ ക്യാമ്പയിൻ വിഭാവനം ചെയ്യൽ.

**പ്രവർത്തനങ്ങൾ**

- എല്ലാ കുട്ടികൾക്കും ഓൺലൈൻ വിദ്യാഭ്യാസ സൗകര്യം ഉറപ്പാക്കാൻ ഡിജിറ്റൽ ഉപകരണവും കണക്ടിവിറ്റിയും അടക്കമുള്ള സൗകര്യങ്ങൾ എത്ര കുട്ടികൾക്ക് വേണമെന്ന് സ്വയം ഉപകരണങ്ങൾ വാങ്ങാൻ സാമ്പത്തികമായ കുടുംബപശ്ചാത്തലമുള്ള കുട്ടികൾ, വായ്പ ലഭ്യമാക്കിയാൽ ഉപകരണങ്ങൾ വാങ്ങാനുള്ള കുടുംബപശ്ചാത്തലമുള്ള കുട്ടികൾ, ഗുണഭോക്തൃവിഹിതം നൽകാൻ കഴിവുള്ള കുടുംബപശ്ചാത്തലമുള്ള കുട്ടികൾ, പൂർണ്ണമായും സഹായം ആവശ്യമുള്ള കുടുംബപശ്ചാത്തലമുള്ള കുട്ടികൾ എന്നിങ്ങനെ തരംതിരിച്ച് കണ്ടെത്തണം.
- ഓൺലൈൻ വിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിനുള്ള ജനകീയ ക്യാമ്പയിൻ വിഭാവനം ചെയ്യാനും ഏറ്റെടുത്ത് നടപ്പിലാക്കാനുമുള്ള സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള ക്യാമ്പയിൻ കമ്മിറ്റി സജ്ജമാക്കൽ.
- രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, വിദ്യാർത്ഥി - യുവജന - മഹിള - തൊഴിലാളി - സർവീസ് - സാമൂഹിക - സാംസ്കാരിക - ശാസ്ത്ര സംഘടനകൾ,

സോഷ്യൽ മീഡിയ കൂട്ടായ്മകൾ, സന്നദ്ധ സംഘടനകൾ മുതലായവരുമായി ചർച്ച ചെയ്യൽ.

- തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കൽ.
- ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി മാറേണ്ട മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കൽ.
- പോസ്റ്ററുകൾ, ബ്രോഷറുകൾ, സോഷ്യൽ മീഡിയ പ്രചരണ ഉപാധികൾ, സെലിബ്രിറ്റികളുടെ അഭ്യർത്ഥന തുടങ്ങി വിവിധങ്ങളായ പ്രചരണോപാധികൾ വികസിപ്പിക്കലും പ്രചരിപ്പിക്കലും.
- വിഭവങ്ങൾ സമാഹരിക്കാനുള്ള സാധ്യതാ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ടവരുമായി ബന്ധപ്പെടൽ.

  *ഉദാ:* (1) പൊതുനന്മാ ഫണ്ട് ലഭ്യമാക്കാൻ സാധ്യതയുള്ള കേരളത്തിനകത്തേയും പുറത്തേയും കമ്പനികൾ, ഗുഡ്‌വിൽ ഫണ്ട് വിനിയോഗ സാധ്യതയുള്ള സഹകരണ സംഘങ്ങൾ, ബാങ്കുകൾ...

  (2) വലിയ തോതിൽ സംഭാവന നൽകാൻ കഴിവുള്ള കമ്പനികൾ, സ്ഥാപനങ്ങൾ, വ്യക്തികൾ...

  (3) സർവീസ് സംഘടനകൾ, സന്നദ്ധ സംഘടനകൾ.

  (4) കേരളത്തിനു പുറത്തും രാജ്യത്തിനു പുറത്തും ജോലിയെടുക്കുന്ന മലയാളികൾ.

  (5) ജനപ്രതിനിധികളുടെ ആസ്ഥിവികസന ഫണ്ട് (6) വിവിധ വകുപ്പുകളുടെ പ്ലാൻ ഫണ്ട്.
- പ്രചരണോപാധി എന്ന നിലയിൽ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് കേരളത്തിലെ മുഴുവൻ വീടുകളും സന്ദർശിച്ച് സാമ്പത്തിക വിഭവസമാഹരണം നടത്താൻ രണ്ടോ മൂന്നോ ദിവസം നീണ്ടുനിൽക്കുന്ന ക്യാമ്പയിൻ പ്രവർത്തനം.
- സംഭാവനകൾ ഇൻകം ടാക്സ് ആക്ടിന്റെ 80 ജി പ്രകാരം ടാക്സ് അടവിൽ നിന്നും കിഴിവ് ലഭിക്കുന്ന വിധം സി.എം.ഡി.ആർ.എഫ്. മാതൃകയിൽ പ്രത്യേക നിധി (ചീഫ് മിനിസ്റ്റേഴ്സ് എഡ്യൂക്കേഷൻ എംപവർമെന്റ് ഫണ്ട്) രൂപീകരിക്കൽ.

**സംഘാടനം**

- സംസ്ഥാനതലം മുതൽ സ്കൂൾ തലം വരെ ക്യാമ്പയിൻ നടത്തിപ്പിനും വിജയിപ്പിക്കുന്നതിനും ജനകീയ സമിതികൾ രൂപീകരിക്കണം.

**സംസ്ഥാനതല സമിതി**

**അധ്യക്ഷൻ :** ബഹു. മുഖ്യമന്ത്രി

**സഹ അധ്യക്ഷൻ :** പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**ഉപാധ്യക്ഷന്മാർ :** ധനകാര്യം, തദ്ദേശസ്വയംഭരണം, ആരോഗ്യം, വൈദ്യുതി, വ്യവസായം, സഹകരണം, വനം, സാമൂഹ്യനീതി, ഫിഷറീസ്, സാങ്കേതിക വിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മന്ത്രിമാർ

**പ്രത്യേക ക്ഷണിതാവ് :** പ്രതിപക്ഷ നേതാവ്

**അംഗങ്ങൾ :** ചീഫ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യം, തദ്ദേശസ്വയംഭരണം, ആരോഗ്യം, വൈദ്യുതി, വ്യവസായം, സഹകരണം, വനം, സാമൂഹ്യനീതി, ഫിഷറീസ്, സാങ്കേതിക വിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പ്, ആസൂത്രണം, പിആർഡി., ഊർജ്ജം, വിവരസാങ്കേതിക വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുൻസിപ്പൽ ചെയർമാന്മാരുടെ ചേംബർ, മേയേഴ്സ് കൗൺസിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ മുതലായവയുടെ ഓരോ പ്രതിനിധി.

**കൺവീനർ :** പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി

**ചുമതലകൾ**

- ❖ ക്യാമ്പയിൻ സംബന്ധിച്ച നയപരമായ തീരുമാനം കൈക്കൊള്ളൽ
- ❖ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം
- ❖ പദ്ധതിയുടെ പൊതുഅവലോകനം.

- ❖ വിഭവസമാഹരണത്തിനും വിനിയോഗത്തിനുമുള്ള നിർദ്ദേശങ്ങൾ നൽകൽ.

**<u>സംസ്ഥാനതല കർമ്മ സമിതി :</u>**

**അധ്യക്ഷൻ :** പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**ഉപാധ്യക്ഷൻ :** പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി

**അംഗങ്ങൾ :** പി.ആർ.ഡി. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, , കെ. എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ, കെ.എഫ്.സി. മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടർ, കേരള ബാങ്ക് മാനേജിംഗ് ഡയറക്ടർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സമഗ്രശിക്ഷാ കേരളം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.ഇ.ആർ.ടി. ഡയറക്ടർ, സീമാറ്റ് ഡയറക്ടർ, എസ്.ഐ.ഇ.റ്റി. ഡയറക്ടർ, അസാപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

**കൺവീനർ :** പൊതുവിദ്യാഭ്യാസ ഡയറക്ടർ

**<u>ചുമതലകൾ</u>**

- ❖ പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ആസൂത്രണം ചെയ്യൽ.
- ❖ സംസ്ഥാന സമിതി നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കൽ.
- ❖ സംസ്ഥാന സമിതിയുടെ നിർദ്ദേശാനുസരണം സുതാര്യമായ ഫണ്ട് വിനിയോഗം ഉറപ്പാക്കൽ.
- ❖ ക്യാമ്പയിൻ പ്രവർത്തനം വിജയിപ്പിക്കാൻ ആവശ്യമായ ഇടപെടലുകൾ ആസൂത്രണം ചെയ്യൽ.

**<u>ജില്ലാതല സമിതി</u>**

**ചെയർ പേഴ്സൺ :** ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ

**കൺവീനർ :** ജില്ലാ കളക്ടർ & ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി

**അംഗങ്ങൾ :** ജില്ലയിൽ നിന്നുള്ള ലോക്സഭാ അംഗങ്ങൾ, രാജ്യസഭാ എം.പി.മാർ, (നോഡൽ ജില്ലകളിൽ), ജില്ലയിൽ നിന്നുള്ള എം.എൽ.എ.മാർ, മേയർമാർ, മുൻസിപ്പൽ ചെയർമാന്മാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും, ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി, ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, ഹയർസെക്കണ്ടറി ആർ.ഡി.ഡി., വൊക്കേഷണൽ ഹയർ സെക്കണ്ടറി എ.ഡി, വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ, ഡയറ്റ് പ്രിൻസിപ്പൽ, സമഗ്രശിക്ഷാ കേരളം ഡി.പി.സി, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, അസിസ്റ്റന്റ് ഡവലമെന്റ് കമ്മീഷണർ (ജനറൽ), നവകേരള മിഷനുകളുടെ ജില്ലാ കോ-ഓർഡിനേറ്റർമാർ.

**ചുമതലകൾ**

- ❖ സംസ്ഥാനതല സമിതിയുടെ നിർദ്ദേശങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ വികസിപ്പിക്കൽ
- ❖ വിവിധ വകുപ്പുകളുടെ ജില്ലാതല ഏകോപനം.
- ❖ ജില്ലാതല ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകൽ.
- ❖ പ്രവർത്തനങ്ങളുടെ ഏകോപനം
- ❖ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തൽ

**ജില്ലാതല കർമ്മസമിതി**

**ചെയർപേഴ്സൺ :** ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ.

**വൈസ് ചെയർപേഴ്സൺ :** ജില്ലാ കളക്ടർ & ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി

**അംഗങ്ങൾ :** ഹയർസെക്കണ്ടറി ആർ.ഡി.ഡി., വൊക്കേഷണൽ ഹയർ സെക്കണ്ടറി എ.ഡി, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കോ-ഓർഡിനേറ്റർ, ഡയറ്റ് പ്രിൻസിപ്പാൾ, സമഗ്രശിക്ഷാ കേരളം ഡി.പി.സി, കുടുംബശ്രീ ജില്ലാ

കോ-ഓർഡിനേറ്റർ, ഗ്രന്ഥശാലാ സംഘം പ്രതിനിധി, രണ്ട് വിദ്യാഭ്യാസ പ്രവർത്തകർ.

**കൺവീനർ :** ഡി.ഡി.ഇ.

**<u>ചുമതലകൾ</u>**

- ❖ ജില്ലാതല സമിതി നിർദ്ദേശിക്കുന്ന കാര്യങ്ങൾ പ്രായോഗികമാക്കുന്നതിന് പ്രവർത്തന രൂപരേഖ ആവിഷ്ക്കരിച്ച് നടപ്പിലാക്കൽ.

**<u>കോർപ്പറേഷൻ/ മുൻസിപ്പാലിറ്റിതല സമിതി</u>**

**ചെയർപേഴ്സൺ :** മേയർ/മുൻസിപ്പൽ ചെയർപേഴ്സൺ

**വൈസ് ചെയർപേഴ്സൺ :** വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ

**അംഗങ്ങൾ :** കോർപ്പറേഷൻ / മുൻസിപ്പൽ അംഗങ്ങൾ, ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺമാർ, സിഡിഎസ് ചെയർപേഴ്സൺമാർ, കുടുംബശ്രീ കോ-ഓർഡിനേറ്റർ, വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ, കൺവീനർമാർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, കോർപ്പറേഷൻ / മുൻസിപ്പൽ വിദ്യാഭ്യാസ സമിതി അംഗങ്ങൾ., രണ്ട് വിദ്യാഭ്യാസ പ്രവർത്തകർ, ഡി.ഇ.ഒ., എ.ഇ.ഒ.മാർ, ഡി.പി.ഒ.മാർ.

**കൺവീനർ :** ഡി.ഇ.ഒ.

**<u>ചുമതലകൾ</u>**

- ❖ കോർപ്പറേഷൻ/ മുൻസിപാലിറ്റി തല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകൽ.
- ❖ ഉപരിതലങ്ങളിൽ നിന്നും നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ കോർപ്പറേഷൻ/മുൻസിപ്പൽ തല പ്രവർത്തന രൂപരേഖ തയ്യാറാക്കൽ
- ❖ സമിതിയുടെ പരിധിയിൽ വരുന്ന സ്കൂളുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കൽ.

## ഗ്രാമപഞ്ചായത്തുതല സമിതി

**ചെയർപേഴ്സൺ :** ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

**വൈസ് ചെയർപേഴ്സൺ :** വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ

**അംഗങ്ങൾ :** ഗ്രാപഞ്ചായത്ത് പ്രദേശത്തെ ജില്ലാ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ അംഗങ്ങൾ, പഞ്ചായത്ത് അംഗങ്ങൾ, ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ, സിഡിഎസ് ചെയർപേഴ്സൺമാർ, കുടുംബശ്രീ കോ-ഓർഡിനേറ്റർ, വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ, കൺവീനർമാർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, പഞ്ചായത്ത് വിദ്യാഭ്യാസ സമിതി അംഗങ്ങൾ., രണ്ട് വിദ്യാഭ്യാസ പ്രവർത്തകർ, ഡി.ഇ.ഒ., എ.ഇ.ഒ.മാർ, ഡി.പി.ഒ.മാർ.

**കൺവീനർ :** എ.ഇ.ഒ.

## ചുമതലകൾ

- ❖ ഗ്രാമപഞ്ചായത്തുതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകൽ.
- ❖ ഉപരിതലങ്ങളിൽ നിന്നും നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ഗ്രാമപഞ്ചായത്തുതല പ്രവർത്തന രൂപരേഖ തയ്യാറാക്കൽ.
- ❖ സമിതിയുടെ പരിധിയിൽ വരുന്ന സ്കൂളുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കൽ.

## വാർഡ്/ഡിവിഷൻ തല സമിതി

**ചെയർപേഴ്സൺ :** ഗ്രാമപഞ്ചായത്ത് മെമ്പർ, മുൻസിപ്പൽ/കോർപ്പറേഷൻ കൗൺസിലർ

**വൈസ് ചെയർപേഴ്സൺ :** വിദ്യാഭ്യാസ പ്രവർത്തകൻ

**അംഗങ്ങൾ :** വാർഡിലുള്ള സ്കൂളുകളിലെ പ്രഥമാധ്യാപകർ, പി.ടി.എ. പ്രസിഡന്റുമാർ, എസ്.എം.സി ചെയർപേഴ്സൺമാർ, എസ്.എസ്.ജി. പ്രസിഡന്റുമാർ, മദർ പി.ടി.എ. പ്രസിഡന്റുമാർ, 3 സന്നദ്ധസംഘടനാ പ്രതിനിധികൾ, രാഷ്ട്രീയ

പാർട്ടി പ്രതിനിധികൾ, ഗ്രന്ഥശാല പ്രതിനിധികൾ, കുടുംബശ്രീ പ്രതിനിധികൾ, വിവിധ സ്ഥാപന മേധാവികൾ, എസ്.സി.എസ്ടി. പ്രമോട്ടർ.

**കൺവീനർ :** വാർഡ് വികസനസമിതി കൺവീനർ

**ചുമതലകൾ**

- ❖ വാർഡ് / ഡിവിഷൻതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകൽ.
- ❖ ഉപരിതലങ്ങളിൽ നിന്നും നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വാർഡ് / ഡിവിഷൻതല പ്രവർത്തന രൂപരേഖ തയ്യാറാക്കൽ.
- ❖ സമിതിയുടെ പരിധിയിൽ വരുന്ന സ്കൂളുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടി കൾക്കും ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കൽ.

**സ്കൂൾതല സമിതി**

**മുഖ്യരക്ഷാധികാരികൾ :** എം.എൽ.എ.

**രക്ഷാധികാരികൾ** : ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് / നഗ രസഭാ ചെയർപേഴ്സൺ, ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

**ചെയർപേഴ്സൺ :** ഗ്രാമപഞ്ചായത്ത് / മുൻസിപ്പൽ / കോർപ്പറേഷൻ അംഗം

**വൈസ് ചെയർപേഴ്സൺ :** എയ്ഡഡ് സ്കൂളാണെങ്കിൽ മാനേജർ,
സർക്കാർ സ്കൂളുകളിൽ പി.ടി.എ. പ്രസിഡന്റ്


**അംഗങ്ങൾ :** എച്ച്.എം., അധ്യാപകർ, സ്കൂൾ ലീഡർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, പ്രവാസി സംഘടനാ പ്രതിനി ധികൾ, ക്ലബ്ബ് പ്രതിനിധികൾ, വായനശാലാ പ്രതിനിധികൾ, സഹക രണസ്ഥാപന പ്രതിനിധികൾ, സന്നദ്ധസംഘടനാ പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ പ്രവർത്തകർ.

**കൺവീനർ :** പ്രിൻസിപ്പൽ / ഹെഡ്മാസ്റ്റർ

## ചുമതലകൾ

- ❖ നിർദ്ദേശിക്കപ്പെടുന്ന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നു വെന്ന് ഉറപ്പാക്കൽ.
- ❖ വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ഓൺലൈൻ പഠനസൗകര്യം ഉണ്ടെന്ന് ഉറപ്പാക്കൽ.

## സംഘടനാ ശ്രേണി



## താത്ക്കാലിക സമയക്രമം (Tentative timeline)

| പ്രവർത്തനം | സമയക്രമം |
|---|---|
| **സംഘടനാ സംവിധാനങ്ങൾ രൂപീകരിക്കൽ** | |
| സംസ്ഥാനതലം | ജൂലായ് 10 നകം |
| ജില്ലാതലം | ജൂലായ് 15 നകം |
| തദ്ദേശ സ്വയംഭരണസ്ഥാപന തലം | ജൂലായ് 20 നകം |
| സ്കൂൾതലം | ജൂലായ് 25 നകം |
| **വിഭവങ്ങൾ** | |
| ജില്ലാ കളക്ടർമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരുടെ യോഗം | ജൂലായ് 6 |
| തദ്ദേശഭരണ സ്ഥാപന മേധാവികളുടെ യോഗം | ജൂലായ് 7 – 10 |
| പ്രചരണോപാധികൾ തയ്യാറാക്കലും പ്രചാരണവും | ജൂലായ് 3 മുതൽ |
| വിവര ശേഖരണം (സ്കൂൾ തലം) | ജൂലായ് 15 നകം |
| ടാർജറ്റ് കൃത്യതപ്പെടുത്തൽ (ത.സ്വ.ഭ.തലം) | ജൂലായ് 19 നകം |
| ജില്ലാ തല ക്രോഡീകരണം പൂർത്തിയാക്കൽ | ജൂലായ് 21 |
| ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം | ജൂൺ 09 |
| സർവീസ് പ്രൊവൈഡർമാരുടെ യോഗം | ജൂൺ 10 |
| കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് പ്രതിനിധികളുടെ യോഗം | ജൂൺ 26 |
| ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം | ജൂൺ 30 |
| പ്രമുഖ വ്യവസായികളുടെ യോഗം | ജൂലായ് 01 |
| എൻ.ആർ.ഐ. വ്യവസായികളുടെ യോഗം | ജൂലായ് 02 |
| യുവജന, വിദ്യാർത്ഥി, സംഘടനകളുടെ യോഗം | |
| സർവീസ് സംഘടനകളുടെ യോഗം | |
| സാധ്യതാ ലിസ്റ്റ് തയ്യാറാക്കൽ | ജൂലായ് 15 നകം |
| ചീഫ് മിനിസ്റ്റർ എഡ്യൂക്കേഷൻ എംപവർമെന്റ് ഫണ്ട് രൂപീകരണം - ഓൺലൈൻ സംവിധാനം ഏർപ്പെടുത്തൽ | ജൂലായ് 25 നകം |

| | |
|---|---|
| **ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കൽ പ്രഖ്യാപനം** | |
| സ്കൂൾതലം | ജൂലായ് 31 നകം |
| തദ്ദേശസ്വയംഭരണ സ്ഥാപനതലം | ആഗസ്റ്റ് 1 |
| ജില്ലാതലം | ആഗസ്റ്റ് 5 നകം |
| സംസ്ഥാനതലം | ആഗസ്റ്റ് 15 |
| **അക്കാദമിക വിഭവങ്ങൾ** | |
| ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കൽ | മേയ് 15 മുതൽ |
| ഗൂഗിൾ സ്യൂട്ട് സജ്ജമാക്കൽ | ജൂലായ് 30 നകം |
| അദ്ധ്യാപകർക്കുള്ള മാർഗ്ഗരേഖ അന്തിമമാക്കൽ | ജൂലായ് 20 നകം |
| രക്ഷിതാക്കൾക്കുള്ള മാർഗ്ഗരേഖ അന്തിമമാക്കൽ | ജൂലായ് 20 നകം |
| വിവിധ ദൃശ്യ ശ്രാവ്യ ചാനലുകളിലൂടെ വിദ്യാഭ്യാസ പരിപാടികൾ സംപ്രേഷണം ചെയ്യൽ | നവംബർ 1 മുതൽ |
| പുതിയ ഡിജിറ്റൽ ലേണിംഗ് മാനേജ്മെന്റ് പ്ലാറ്റ്ഫോം വികസിപ്പിക്കൽ | ജൂലായ് 30 – 2022 ജനുവരി 31 |